**No. CEE/4848/2013/KEAM-2014/TA1**

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**<u>വിജ്ഞാപനം</u>**

# <u>2014 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള</u>

# <u>രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ്</u>

2014-ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ **15.07.2014** ന് ആരംഭിക്കുന്നതാണ്. ഇതിനോടനുബന്ധിച്ച് വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും, ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേയ്ക്കും/കോഴ്സുകളിലേയ്ക്കും ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും **15.07.2014 മുതൽ 17.07.2014**, വൈകുന്നേരം **5 മണി വരെ** <u>www.cee.kerala.gov.in</u> എന്ന വെബ് സൈറ്റിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്. **17.07.2014** വൈകുന്നേരം **5** മണി വരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **19.07.2014** ന് **രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.** രണ്ടാം ഘട്ട അലോട്ടുമെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ടുമെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി തുക **21.07.2014, 22.07.2014** എന്നീ തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കേണ്ടതാണ്. **SBT** ശാഖകളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാണ്.

**രണ്ടാം ഘട്ട അലോട്ടുമെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു:**

| | |
|---|---|
| 15.07.2014 | നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേയ്ക്കും/കോഴ്സുകളിലേയ്ക്കും ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| 17.07.2014 (വൈകുന്നേരം 5 മണി ) | ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **19.07.2014** | **രണ്ടാം ഘട്ട അലോട്ടുമെന്റ്** |
| 21.07.2014 & 22.07.2014 | അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ ഫീസ്/ ബാക്കി തുക ഒടുക്കണം. |

***രണ്ടാം ഘട്ട അലോട്ടുമെന്റിൽ MBBS/BDS എന്നിവ ഒഴികെയുള്ള കോഴ്സുകളിലേയ്ക്ക് മാത്രമേ അലോട്ട്മെന്റ് ഉണ്ടാകുകയുള്ളൂ. അലോട്ട്മെന്റ് ലഭിക്കുന്നവർ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയക്കേണ്ട ഫീസ്/ബാക്കി തുക അടച്ചാൽ മാത്രം മതിയാകും.***

രണ്ടാം ഘട്ട അലോട്ടുമെന്റിൽ താഴെപറയുന്ന കോളേജുകളിലേയ്ക്കും/കോഴ്സുകളിലേയ്ക്കും പുതുതായി ഓപ്ഷൻ നൽകാവുന്നതാണ്.

| Sl. No | College Code | Name of College | Course Code and seats |
|---|---|---|---|
| **Government Engineering College:** | | | |
| 1 | WYD | Govt. Engineering College, Mananthavady, Wayanad | ME-60 |
| **Government Controlled Self Financing Engineering Colleges:** | | | |
| 2 | AEC | College of Engineering, Aranmula | EC-60, CS-60, EE-60, CE-60 |
| 3 | TLY | College of Engineering, Thalassery, Kannur | CE-60 |
| **Private Self Financing Engineering Colleges:** | | | |
| 4 | TCE | Toms College of Engineering for Startups, Mattakara P O, Kottayam | CE-60, ME-60, EE-60, CS-60, CH-60 |
| 5 | CMA | Carmel College of Engineering and Technology, Punnapra, Alappuzha | CE-60, ME-60, EE-60 |

| | | | |
|---|---|---|---|
| 6 | JIT | John Cox Memorial CSI Institute of Technology, Kannammoola, Thiruvananthapuram | CE-60 |
| 7 | UNT | Universal Engineering College, Vallivattom P O, Konathukunnu, Thrissur | CS-60 |
| 8 | DMC | M Dasan Memorial Co-operative Institute of Engineering & Inf.Tech, Ulliyeri P O, Kozhikkode | ME-60, AE-60 |
| 9 | KIT | Kottayam Institute of Technology & Science, Pallicathode, Kottayam | CS-60 |
| 10 | TCT | Trinity College of Engineering, Thiruvananthapuram | CE-60 |
| **Private Self Financing Architecture Colleges:** | | | |
| 11 | MER | MES College of Architecture, Kakkodi, Kozhikkode | AR-40 |
| 12 | ALR | Al Salama Institute of Architecture, Malappuram | AR-40 |
| 13 | VVR | Vedavyasa College of Architecture, Ramanattukara, Malappuram | AR-40 |

MBBS/BDS കോഴ്സുകൾ ഒഴികെയുള്ളവയിൽ ഒന്നാം ഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റ് ഏതെങ്കിലും കാരണത്താൽ റദ്ദ് ചെയ്യണമെന്നുള്ളവർക്ക് അതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഇവർ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമായ **"Proforma for Cancellation of Allotment"** ന്റെ പ്രിന്റൗട്ട് എടുത്ത് പൂരിപ്പിച്ച് നിർദ്ദിഷ്ട സ്ഥാനത്ത് ഫോട്ടോ പതിച്ച് ഒരു ഗവ: ഗസറ്റഡ് ഓഫീസറെകൊണ്ട് സാക്ഷ്യപ്പെടുത്തിയ ശേഷം പ്രസ്തുത പ്രൊഫോർമയുമായി വിദ്യാർത്ഥി നേരിട്ട് **17.07.2014 വൈകുന്നേരം 5 മണിക്ക്** മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ ഹാജരാകേണ്ടതാണ്. തപാൽ, ഇ–മെയിൽ, ഫാക്സ് എന്നിവ മുഖാന്തിരമുള്ള അപേക്ഷകൾ അലോട്ട്മെന്റ് റദ്ദ് ചെയ്യുന്നതിന് പരിഗണിക്കുന്നതല്ല. ഇത്തരത്തിൽ ഒന്നാം ഘട്ട അലോട്ട്മെന്റ് റദ്ദ് ചെയ്യുന്ന വിദ്യാർത്ഥികളെ തുടർന്നുള്ള ഘട്ടങ്ങളിൽ നിലവിലുള്ള കോഴ്സുകളിലേയ്ക്കോ, കോളേജുകളിലേയ്ക്കോ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.

MBBS/BDS കോഴ്സുകളിലേയ്ക്ക് ഒന്നാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുകയും, കോളേജുകളിൽ പ്രവേശനം നേടുകയും ചെയ്തവർക്ക് അഡ്മിഷൻ റദ്ദ് ചെയ്യണമെന്നുണ്ടെങ്കിൽ അതത് മെഡിക്കൽ/ഡെന്റൽ കോളേജ് പ്രിൻസിപ്പൽ മുമ്പാകെ ഹാജരായി വിടുതൽ നേടാവുന്നതാണ്. ഇത്തരത്തിൽ ഉണ്ടാകുന്ന ഒഴിവുകളുടെ വിവരങ്ങൾ കോളേജ് അധികാരികൾ **17.07.2014 വൈകുന്നേരം 5 മണിയ്ക്കു** മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണറെ അറിയിക്കേണ്ടതാണ്. അഡ്മിഷൻ റദ്ദ് ചെയ്യുന്ന വിദ്യാർത്ഥികളെയും പിന്നീടുള്ള ഓൺലൈൻ അലോട്ട്മെന്റ് പ്രക്രിയയിൽ പരിഗണിക്കുന്നതല്ല.

രണ്ടാം ഘട്ട അലോട്ട്മെന്റിനുശേഷം ഫീസ്/ബാക്കി തുക അടയ്ക്കാത്ത വിദ്യാർത്ഥികളെ ഒഴിവാക്കി **23.07.2014** ന് മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്. മൂന്നാം ഘട്ട അലോട്ട്മെന്റിനു മുൻപായി നിലവിലുള്ള ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനോ, റദ്ദ് ചെയ്യുന്നതിനോ, പുതുതായി ഓപ്ഷനുകൾ സമർപ്പിക്കുന്നതിനോ അവസരം ഉണ്ടായിരിക്കുന്നതല്ല. മൂന്നാം ഘട്ട അലോട്ട്മെന്റ് സർക്കാർ/സർക്കാർ നിയന്ത്രിത/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിലേയ്ക്കുള്ള അവസാന അലോട്ട്മെന്റ് ആയിരിക്കും. മൂന്നാം ഘട്ട അലോട്ട്മെന്റിനു ശേഷം എല്ലാ വിദ്യാർത്ഥികളും അലോട്ട്മെന്റ് ലഭിച്ച കോളേജ്/കോഴ്സിൽ അഡ്മിഷൻ നേടിയിരിക്കണം. മൂന്നാം ഘട്ട അലോട്ട്മെന്റിൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം വിദ്യാർത്ഥികൾ അതത് കോളേജുകളിൽ നിർബന്ധമായും അഡ്മിഷൻ നേടിയിരിക്കണം. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരമുള്ള പിഴ ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും.

***കുറിപ്പ്:*** *മൂന്നാം ഘട്ട അലോട്ട്മെന്റിനു ശേഷം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ അലോട്ട്മെന്റ്/അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികളുടെ എല്ലാ ഹയർ ഓപ്ഷനുകളും റദ്ദാക്കപ്പെടുന്നതാണ്.*

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
14.07.2014